**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2000.

11.06.2018 ൽ മറുപടിക്ക്

## അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ പദ്ധതി

**ചോദ്യം**

**മറുപടി**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ.സി.മമ്മൂട്ടി**
**,, എൻ.എ.നെല്ലിക്കുന്ന്**
**,, പി.ഉബൈദുള്ള :**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുന്നതിന് 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക്' (കെ-ഫോൺ) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിലൂടെ പൊതു ജനങ്ങൾക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് സേവനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ സംസ്ഥാന ഐ.ടി. വകുപ്പിന് കീഴിലുള്ള കമ്പനിയായ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.) നെയാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയ്ക്കായി 1028 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി |

| | | | |
|---|---|---|---|
| | | | നടത്തിപ്പിനായി കിഫ്ബി (KIIFB) വഴി 823/- കോടി രൂപയുടെ ധനസഹായം ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ USOF (Universal Service Obligation Fund) ൽ നിന്ന് ധനസഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി രണ്ട് കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ന്റെയും സംസ്ഥാന സർക്കാരിന്റെയും പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്-വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻചർ കമ്പനി രൂപീകരിക്കുവാനും എസ്.പി.വി.യെ സഹായിക്കുന്നതിന് ഒരു പ്രോജക്ക് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു)നെ നിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പുതിയ ജോയിന്റ് വെൻചർ കമ്പനി (എസ്.പി.വി.) രൂപീകരിക്കുന്നതുവരെ കെ.എസ്.ഐ.ടി.ഐ.എൽ. നായിരിക്കും പദ്ധതിയുടെ നിർവ്വഹണ ചുമതല. |

സെക്ഷൻ ഓഫീസർ